# തുരുമ്പിന്റെ തിളക്കം

മധുസൂദനൻ



തുരുമ്പിന്റെ തിളക്കം

മധുസൂദനൻ
(മലയാളം: ലേഖനം)

© 2025, Madhusudhanan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Gopalan Krishnan, photograph by Raneesh Raveendran.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# തുരുമ്പിന്റെ തിളക്കം
## (ദീപൻ ശിവരാമൻ സംവിധാനം ചെയ്ത് അവതരിപ്പിച്ച ‘ഉബുറോയ്’ നാടകത്തെ കുറിച്ച്)

വർഷങ്ങൾക്കുമുമ്പ് തിരുവനന്തപുരത്ത് ചിത്രകലാവിദ്യാർത്ഥിയായിരിക്കുമ്പോഴാണ് ഞാൻ ആദ്യമായി ഉബുറോയിയെ അറിയുന്നത്. ഒരു വുഡ്കട്ടിന്റെ രൂപത്തിൽ. നാടകം വായിക്കുന്നതിനും മുമ്പാണത്. പില്ക്കാലത്ത് ഗുന്തർഗ്രാസ്സ് ടിൻഡ്രൂമ്മിന വരച്ച ഓസ്കറിന്റെ ചിത്രം പോലെ മൗലികത കൊണ്ട് അതിശയകരമായ വെളിച്ചം പ്രസരിപ്പിക്കുന്ന ആ ചെറിയചിത്രം എല്ലാക്കാലത്തേയ്ക്കും എനിക്കു പ്രിയപ്പെട്ടതായി മാറി. വുഡ്കട്ടിലെ ഉബുറോയിയുടെ വീർത്ത വയറിൽ ഗർഭപാത്രം തിരയുന്ന ചുരുൾരേഖകളുണ്ട്. അയാളുടെ വലതുകരം പോക്കറ്റിലാണ്. രണ്ടു ത്രികോണങ്ങളിലൂടെ അയാൾ ലോകത്തെ കാണുന്നു. മോശെയുടെ മാന്ത്രികവടി അയാൾ കക്ഷത്തിൽ കരുതിയിട്ടുണ്ട്. മുഖമാകെ മൂടിയ അയാളുടെ ശിരസ്സിൽ ഗോയയുടെ ഇൻക്യൂസിഷൻ പെയിന്റിങ്ങിലെ മനുഷ്യരിലെന്നപോലെ നീളൻ തൊപ്പി. അയാൾ നമ്മുടെയിടയിലെ, നമ്മുടെ കാലത്തിൽ ജീവിച്ചിരിക്കുന്ന ആരെയോ ഓർമ്മിപ്പിക്കുന്നില്ലേ? അതല്ലെങ്കിൽ കഴിഞ്ഞ കാലത്തിലെ മുസ്സോളിനിയെ? അഡോൾഫ് ഹിറ്റ്‌ലറെ? ചാപ്ലിൻ സിനിമയിലെ, ജനങ്ങളോട് സംസാരിക്കുമ്പോൾ പാന്റിനുള്ളിലേക്ക് കുടിവെള്ളമൊഴിക്കുന്ന, ഭരണാധികാരിയെ...?




ഫോട്ടോ റെനീഷ് രവീന്ദ്രൻ.

സമകാലീന രാഷ്ട്രീയത്തിലെ ഭരണാധികാരികളെ ഓർമ്മിപ്പിക്കുന്നതാണ് ഉബുറോയിയുടെ മുഖവും, ശരീരവും. 1896-ൽ ആൽഫ്രഡ് ജാറി എഴുതിയ ഉബുറോയി നാടകം തുടർന്നുള്ള എല്ലാദിവസവും പുതുക്കിക്കൊണ്ടിരിക്കുന്നു. എല്ലായ്പ്പോഴും അത് സമകാലീനമായിക്കൊണ്ടിരിക്കുന്നു. ജാറി വരച്ച ത്രികോണ കണ്ണുകളും കൂർമ്പൻ തൊപ്പിയും ഇന്നത്തെ ഏത് അധികാരിക്കും ചേരുന്നതായി. നാടകത്തിലെ അബ്സെർഡിറ്റിയും രക്തച്ചൊരിച്ചിലും തെറിവിളികളും സമകാലീനതയുടെ മുഖങ്ങളായി. ഉക്രെയ്നിലെയും പലസ്റ്റീനിലെയും യുദ്ധക്കെടുതികൾ ഉബുറോയി നാടകത്തിലും വായിക്കാമെന്നായി. ഒ വി വിജയൻ ‘ ധർമ്മപുരാണത്തിൽ’ വിവരിക്കുന്ന മാലിന്യരാഷ്ട്രീയത്തിന്റെ അഗാധമായ കിടങ്ങുകളിലായി നമ്മളോരോരുത്തരുടെയും ജീവിതം.



ഫോട്ടോ റെനീഷ് രവീന്ദ്രൻ.

രംഗത്ത് അവതരിപ്പിക്കുവാൻ പ്രയാസമുള്ള നാടകമാണ് ഉബുറോയ്. 2024 ഡിസംബർ 29-ന് കൊടകരയിൽ ദീപൻ ശിവരാമൻ സംവിധാനം ചെയ്ത ഉബുറോയി നാടകം കണ്ടപ്പോൾ അത്ഭുതപ്പെട്ടുപോയി. യൂറോപ്പിൽ ആധുനികതയുടെ വരവ് പ്രഖ്യാപിച്ച, പുതുമ കൊണ്ട് പാബ്ലോ പിക്കാസോ പോലും അമ്പരന്നുപോയ നാടകം കേരളത്തിലെ ഗ്രാമാന്തരീക്ഷത്തിൽ അവതരിപ്പിച്ച് വിജയിപ്പിക്കുക ശ്രമകരമായ ഒരു ജോലിയാണ്.



ഫോട്ടോ റെനീഷ് രവീന്ദ്രൻ.

ആധുനികയ്ക്കു മുമ്പേ ഇരുപത്തിമൂന്നു വയസ്സുകാരൻ ആൽഫ്രഡ് ജാറി സ്റ്റേജിൽ അവതരിപ്പിച്ച ഫാഷിസത്തിന്റെ കിരാതലോകം സർറിയൽ ഇമേജറികളാൽ സങ്കീർണ്ണമാണ്. മൂലകൃതിയിലെ ഭയാനകമായ രാത്രികൾ വിട്ടുവീഴ്ചകളില്ലാതെയാണ് ദീപൻ മലയാളത്തിലേക്ക് പാരാവർത്തനം ചെയ്തിരിക്കുന്നത്. ഉബുവിന്റെ ആഭാസനടത്തം, പോളണ്ടിലെ രാജകുടുംബത്തിന്റെ രംഗപ്രവേശം, കശാപ്പു ചെയ്യപ്പെട്ടവരുടെ നിലവിളികൾ, ആഘോഷത്തിമർപ്പിൽ ഉബുവിന്റെ അംഗരക്ഷകരുടെ മാർച്ച് എല്ലാം അതുതന്നെ, ഒന്നാംതരം ഒറിജിനൽ!



ഫോട്ടോ റെനീഷ് രവീന്ദ്രൻ.

ഫാഷിസത്തിന്റെ അടിസ്ഥാനം അടിച്ചമർത്തപ്പെട്ട ലൈംഗികതയാണെന്ന വിൽഹേം റൈക് തന്റെ ‘ഫാഷിസത്തിന്റെ ആൾക്കൂട്ട മനഃശാസ്ത്രത്തിൽ’ വിശദീകരിക്കുന്നുണ്ട് (Wilhelm Reich: Mass Psychology of Fascism). ഫാഷിസ്റ്റുകൾ അള്ളിപ്പിടിച്ച് ചുമരിൽ കയറുകയും, (Great Dictator, Charlie Chaplin) പൊതുയിടങ്ങളിൽ തോന്നുമ്പോഴൊക്കെ മലവിസർജനം നടത്തുകയും (Ubu Roi: Deepan Sivaraman) ഗർഭിണികളെയും കുഞ്ഞുങ്ങളെയും ചുമ്മാ രസത്തിനു കൊല്ലുകയുമൊക്കെ (Les Carabiniers: Jean Luc Godard) ചെയ്യും. അവർ അടങ്ങിയിരിക്കുന്ന സ്വഭാവക്കാരല്ല. രാത്രിയിലാകട്ടെ ഇവരിൽ കൂടിയ ഇനത്തിൽപെട്ട ചിലർ ചാട്ടവാറുകൊണ്ട് സ്വന്തം പുറത്തടിച്ച് വേദനിച്ച് ചുമരിനോട് കുമ്പസാരിക്കും. അവർ നല്ല പെയിന്റിങ്ങുകൾ വരയ്ക്കുകയുമില്ല, കാണുകയുമില്ല, എന്നാൽ അവ തീയിട്ടു ചുട്ടു രസിക്കും (De Genarated Art: Germany—1937). നല്ല പുസ്തകങ്ങൾ വായിക്കുകയില്ല, നശിപ്പിക്കും (Book Burning: Germany—1933).



കല്ല കല്യാണി: ഫോട്ടോ റെനീഷ് രവീന്ദ്രൻ.

ദീപന്റെ ഉബു റോയിയും ഏകാന്തത അനുഭവിക്കുന്നവനും, ഒ വി വിജയന്റെ പ്രജാപതിയെപ്പോലെ സ്വന്തം മലം മറ്റുള്ളവരെ തീറ്റിക്കുന്നതിൽ സന്തോഷം അനുഭവിക്കുന്നവനുമാണ്. അയാൾ ഭാര്യ, ഉബുമയിൽ നിന്ന് പലപ്പോഴും ഓടിയൊളിക്കുന്നു. ഉയരം കുറഞ്ഞതും ചടുലപ്രകൃതക്കാരിയുമാണ് ഉബുമ. ഉബുവിനോട്ട് മല്ലിടുവാനായി അവൾ തന്റെ മസിലുകൾ പെരുപ്പിച്ച് വെച്ചിട്ടുണ്ട്. ‘നിന്റെ അണ്ടി ഞാൻ ചെത്തിക്കളയും’ എന്ന് അവൾ ഉബുവിനോട്ട് ആക്രോശിക്കുന്നുണ്ട്. ഉബു സെക്സിനെതിരെ തീറ്റയിലേക്കാണ് തിരിയുന്നത്. അയാൾ തന്റെ വലിയ പ്ലേറ്റിലെ അവസാന ഭക്ഷണത്തരിയും നക്കിത്തുടച്ചുകൊണ്ട് അവളിൽ നിന്ന് ഓടിയൊളിക്കും (ഉബുമ ആയി അഭിനയിച്ച കല്ല കല്യാണി അസാധാരണമായ ഊർജമാണ് ഈ നാടകത്തിലേക്ക് കൊണ്ടുവന്നിരിക്കുന്നത്. സ്റ്റേജിലെ മുഴുവൻ സ്പേസും ഉപയോഗിച്ചുകൊണ്ടുള്ള അവരുടെ അഭിനയ രീതി പുതുമയുള്ളതാണ്).



ഫോട്ടോ റെനീഷ് രവീന്ദ്രൻ.

പ്രസിഡന്റിന്റെ (Alfred Jarry-യുടെ പാഠത്തിൽ പോളണ്ടിലെ രാജാവ്) വരവോടെയാണ് നാടകത്തിൽ കഥ കടന്നു വരുന്നത്. Alfred Jarry ആലോചിച്ചിരുന്നത് Shakespear-ന്റെ Macbeth-ന് ഒരു പാരഡിയുണ്ടാക്കുവാനായിരുന്നു. മാക്ബത്തിന്റെ ഒരു ചരട് ഉബു നാടകത്തിലൂടെ കയറിയിറങ്ങുന്നത് കാണാം. പ്രസിഡന്റിന്റെയും കുടുംബത്തിന്റെയും ആഘോഷമായുള്ള വരവ് ചാപ്ളിന്റെ Great Dictator എന്ന സിനിമയിലെ ഹിറ്റ്ലറുടെയും മുസ്സോളിനിയുടെയും വരവിനെ ഓർമിപ്പിക്കും. തെരുവോരത്തുള്ള ജനങ്ങളെ അഭിവാദ്യംചെയ്തുകൊണ്ടാണ് പ്രസിഡണ്ടും ഭാര്യയും മകനും കാറിൽ കടന്നു വരുന്നത്. പിന്നീട് ഈ കാർ അവരുടെ ശയനമുറി ആകുന്നുണ്ട്. പ്രസിഡന്റിനെ കൊല്ലുന്നതോടെ അധികാരം പൂർണമായും ഉബുവിന്റെ കയ്യിലാകുന്നു. അധികാരത്തിന്റെ പാപം പേടിസ്വപ്നങ്ങളിലൂടെ ഭാര്യയെയും മകനേയും വേട്ടയാടുന്നതും അതേ മുറിയിൽ വച്ചാണ്, പ്രസിഡന്റിന്റെ അർഭാടത്തോടെയുള്ള വരവും മരണവും അഭിനയിച്ച് ഫലിപ്പിച്ചത് ഗോപാലനാണ് (ഗോപാലൻ കൃഷ്ണൻ). ഈ നാടകത്തിലെ അതീവ ഗംഭീരങ്ങളായ മുഹൂർത്തങ്ങളായി ഈ സീനുകൾ മാറി. കേരളത്തിൽ ഇന്നു ജീവിച്ചിരിക്കുന്നവരിൽ ഏറ്റവും മികച്ച നടനാണ് ഗോപാലൻ. ഈ നാടകവും അതു ശരിവയ്ക്കുന്നുണ്ട്. അധികാരം പലതായി പെരുകുന്ന ദീർഘഭാഷണത്തിന്റെ ലഹരിയിലാണ് പ്രസിഡന്റ് കാറിലൂടെ ഒഴുകുന്നത്. അയാളുടെ മരണശേഷം ഗോപാലൻ മറ്റൊരു കഥാപാത്രമായി സയിന്റിസ്റ്റിന്റെ വേഷത്തിൽ രംഗത്തു വരുന്നുണ്ട്. വളരെ വർഷങ്ങളായുള്ള നിരന്തര പ്രരിശ്രമത്തിലൂടെ ഗോപാലൻ നേടിയെടുത്തതാണ് പരിപക്വമായ ഈ അഭിനയ ശൈലി. അത് പൂർണത നേടുന്നത് ദീപന്റെ നാടകങ്ങളിലുംകൂടിയാണെന്നു തോന്നുന്നു. മൂന്നു നാടകങ്ങളാണ് ഞാനിതുവരെ ദീപന്റേതായി കണ്ടിട്ടുള്ളത്. സ്പയിനൽ കോഡ് (Spinal Cord) പിയർ ജെന്റ് (Peer Gynt) ഇപ്പോൾ ഉബുറോയിയും. ഈ മൂന്നു നാടകങ്ങളിലും ഗോപാലൻ എന്ന നടന്റെ അഭിനയഭാഷാ സാന്ദ്രത ഏറിയേറി വരുന്നതുകാണാം.



ഫോട്ടോ റെനീഷ് രവീന്ദ്രൻ.

പ്രസിഡന്റിന്റെ മകന്റെ ഉറക്കത്തിലേയ്ക്ക് നീണ്ടുവരുന്ന ദുഃസ്വപ്നം ഭീമാകാരമായ ഒരു അസ്ഥികൂടത്തിന്റെ രൂപത്തിലാണ്. പാർവതാകാരമുള്ള പാപം മകനെ സുഖകരമായ ഉറക്കത്തിൽ നിന്നും ഞെട്ടിയുണർത്തുന്നു. അയാളെ പിന്നീട് പാപത്തിന്, അധികാര ദുർവിയോഗത്തിന് എതിരായി പ്രവർത്തിക്കാൻ കെൽപ്പുള്ളവനാക്കുന്നത് പാപത്തിന്റെ ഈ അസ്ഥികൂടമാണെന്നു പറയാം.



ഫോട്ടോ റെനീഷ് രവീന്ദ്രൻ.

പാവകളും, മാസ്കുകളും, കേടുവന്ന യന്ത്രങ്ങളുമുപയോഗിച്ചുകൊണ്ട് സർക്കസ്സിലെന്നപോലെ വലിയ സ്പേസിലുള്ള അവതരണരീതിയാണ് ദീപന്റേത്. പഴക്കം മൂലം തുരുമ്പുവന്ന സാധനങ്ങൾ കൊണ്ട് ഉണ്ടാക്കിയെടുത്ത വസ്തുക്കളാണ് പലപ്പോഴും നാടകത്തെ ഭരിക്കുന്നത്. ഉള്ളിലിരുന്ന് ഒരാൾ പ്രവർത്തിപ്പിക്കുന്ന യന്ത്രപ്പാവയാണ് അസ്ഥികൂടം. സ്വപ്നത്തിലെന്ന പോലെ സാവധാനത്തിൽ ഉള്ളിലെ മനുഷ്യനോടൊപ്പം പ്രത്യക്ഷപ്പെടുന്ന യന്ത്രപ്പാവ ഇരുട്ടിൽ നടന്ന് തുരുമ്പിന്റെ തിളക്കം കാണിച്ച് പേടിപ്പിക്കും. അധികാര രാഷ്ട്രീയം ജനിപ്പിച്ച ഫാഷിസത്തിന്റെ കടന്നു വരവാണത്.



ഗോപാലൻ കൃഷ്ണൻ: ഫോട്ടോ റെനീഷ് രവീന്ദ്രൻ.

ഇറ്റലിയിൽ ആയിരത്തി തൊള്ളായിരത്തി അറുപതുകളിൽ ഉപയോഗശൂന്യമായ വസ്തുക്കളുപയോഗിച്ച് അല്ലെങ്കിൽ പാരമ്പര്യേതര വസ്തുക്കളുപയോഗിച്ച് കോർപറേറ്റ് മാനസികാവസ്ഥയെ ആക്രമിച്ച കലാപ്രസ്ഥാനമായിരുന്നു Arte Povera. ഒരർത്ഥത്തിൽ അവരാക്രമിച്ചത് ഇറ്റലിയിൽ തന്നെ രൂപംകൊണ്ട ഫാഷിസ്റ്റ് മനോഘടനയെ തന്നെയാണെന്നു തോന്നുന്നു. ഉബുറോയിയുടെ മലയാളം ആവിഷ്കാരത്തിൽ സെറ്റുകളും പാവകളും മറ്റുവസ്തുക്കളും ഉപയോഗിച്ചിരിക്കുന്നതിൽ Arte Povera-യുടെ സ്വാധീനം കാണാം. ദീപനോ വസ്തുക്കൾ നിർമിച്ച ആന്റോയൊ (Anto K G) അറിഞ്ഞുകൊണ്ടാവണമെന്നില്ല ഈ സ്വാധീനം കടന്നു വരുന്നത്. Arto povera ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ കലയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയ കലാപ്രസ്ഥാനമാണ്. Arte povera-യുടെ പാഠ്ഘടികളും തുരുമ്പുപിടിച്ച ലോഹത്തകിടും, ഉപയോഗശൂന്യമായ വസ്തുങ്ങളും സമകാലീന കലയിലെ പ്രതിഷ്ഠാപനങ്ങളിൽ നിരന്തരം പ്രയോഗിക്കപ്പെടുന്നതു കാണാം. സമകാലീനകലയിൽ പ്രശസ്തനായ അന്റോയാണ് നാടകത്തിന്റെ പ്രോപ്സ് നിർമിച്ചിരിക്കുന്നത് എന്നതുകൊണ്ട് സ്വാഭാവികമായ പരിണതി എന്നു തന്നെ ഇതിനെ മനസ്സിലാക്കാം. ആന്റോ നിർമിച്ച വസ്തുക്കൾ ഉബുറോയിയ്ക്ക് അസാധാരണമായ തിളക്കം കൊണ്ടുവന്നിട്ടുണ്ട്. അതുകൊണ്ട് കേരളത്തിലുണ്ടായ അർത്ഥവത്തായ, ബൃഹത്തായ ഒരു installation art ആയും ഈ നാടകത്തെ കാണാൻ കഴിയും.



ആന്റോ കെ. ജി.: ഫോട്ടോ റെനീഷ് രവീന്ദ്രൻ.

ദീപൻ ഉബുവിന്റെ ആഘോഷങ്ങൾ രംഗത്തു കൊണ്ടുവരുന്നത് ഓലച്ചൂട്ടിന്റെ വെളിച്ചത്തിലാണ്. കേരളത്തിലെ അടിച്ചമർത്തപ്പെട്ടവരുടെ ഉത്സവങ്ങളായ തെയ്യാവിഷ്കാരങ്ങളിൽ കത്തിച്ച അതേ ചൂട്ടിന്റെ വെളിച്ചത്തിൽ. ഇതിനൊരു തുടർച്ചയുടെ ഓർമ്മ കൂടിയുണ്ട്. അടിയന്തിരാവസ്ഥയ്ക്ക് ശേഷമുള്ള ഇരുട്ടിൽ കെ. ജെ. ബേബി ‘നാട്ടുഗദ്ദിക’യിലൂടെ കേരളത്തിലെ തെരുവുകളിൽ കൊണ്ടുവന്ന പന്തങ്ങളുടെ വെളിച്ചം. അത് ദീപൻ ശിവരാമനിലേക്ക് കൈമാറുകയാണ്. മലയാളനാടകവേദി ദീപനിലൂടെ ഉയിർത്തെണീക്കുകയാണ് എന്നും പറയാം.



ദീപൻ ശിവരാമൻ: ഫോട്ടോ റെനീഷ് രവീന്ദ്രൻ.

□

# മധുസൂദനൻ



ആലപ്പുഴ ജില്ലയിലെ കടലോരപ്രദേശത്തു ജനിച്ചു. തിരുവനന്തപുരം ഫൈൻ ആർട്ട് കോളജിൽ നിന്നും ബറോഡയിലെ എം. എസ്. യൂണിവേഴ്സിറ്റിയിൽ നിന്നും കലാപരിശീലനം. ഇപ്പോൾ സമകാലീനകലയിൽ സാധ്യമാവുന്ന എല്ലാ മാധ്യമങ്ങളും ഉപയോഗിച്ച് കലാപ്രവർത്തനം നടത്തുന്നു. കലാപ്രവർത്തനങ്ങൾക്കായി ഫിലിം എന്ന മാധ്യമം വിദഗ്ദമായി ഉപയോഗിച്ചതിന് ന്യൂയോർക്കിലെ മ്യൂസിയം ഓഫ് മോഡേൺ ആർട്ടിൽ നിന്ന് രണ്ടു തവണ ആദരം. 'മാർക്സ് ആർകൈവ്' എന്ന ഇൻസ്റ്റലേഷൻ രണ്ടാമത്തെ കൊച്ചി മുസരീസ് ബിയനാലെയിൽ പ്രദർശിപ്പിച്ചിരുന്നു. 2015-ലെ വെനീസ് ബിയനാലെയിൽ 'മാർക്സ് ആർകൈവ്', 'പീനൽ കോളനി' എന്നീ ഇൻസ്റ്റലേഷനുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. 'ബയസ്കോപ്' എന്ന സിനിമക്ക് മൂന്ന് അന്തർദേശീയ പുരസ്കാരങ്ങൾ. ബയസ്കോപ് അഞ്ചു സംസ്ഥാന പുരസ്കാരങ്ങളും ദേശീയ അവാർഡും നേടിയിരുന്നു. ഡൽഹിയിലും കേരളത്തിലുമായി ജീവിക്കുന്നു.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.